TEXT BOOKS—SUPPLY OF

415. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ട സദയം മറുപടി പറയുമോ.—

(എ) കോളേജുകളിൽ പഠിക്കുന്ന അധഃകൃത വിദ്യാർത്ഥികൾക്കുള്ള പുസ്തകങ്ങളും മറ്റും വാങ്ങുന്നതിന്നു ഇക്കൊല്ലം അവക്ക രൊക്കം പണം കൊടുക്കാനാണോ ഗവമ്മെണ്ട തീരുമാനിച്ചിട്ടുള്ളതു;

(ബി) അങ്ങിനെയെങ്കിൽ പണം കൊടുത്തു കഴിഞ്ഞുവൊ;

(സി) കൊടുത്തു കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തു?

റാവുസാഹിബു കെ. അയ്യപ്പൻ:

(എ) മൻകൊല്ലങ്ങളിലെപ്പോലെ ഇക്കൊല്ലവും രൊക്കം പണം കൊടുക്കുവാനാണു തീരുമാനിച്ചിട്ടുള്ളതു.

(ബി) ൩൦ കുട്ടികൾക്ക കൊടുക്കുവാൻ അനുവാദമുണ്ട. അവക്കെല്ലാം കൊടുത്തു കഴിഞ്ഞു.

(സി) ഉത്തരം ആവശ്യമില്ല.

APPOINTMENTS IN THE UPLIFT DEPARTMENT

416. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ട സദയം മറുപടി പറയുമൊ.—

(എ) അധഃകൃത ഡിപ്പാർട്ട്മെണ്ടിലെ നിയമനങ്ങളെല്ലാം ആ സമുദായത്തിൽനിന്നുതന്നെ ആയിക്കൂടെ;

(ബി) ഫിഷറി ഡിപ്പാർട്ട്മെണ്ടിലെ ഉദ്യോഗസ്ഥന്മാർ ഏതെല്ലാം സമുദായത്തിൽപെട്ടവരാണ?

റാവുസാഹിബു കെ. അയ്യപ്പൻ:

(എ) ഇപ്പോൾ നിലവിലിരിക്കുന്ന നിയമചട്ടങ്ങൾ അനുസരിച്ചു പ്രയാസമുണ്ട.

(ബി) അനുബന്ധം നോക്കുക. (Appendix IV)

ELECTORAL ROLLS—PREPARATION OF

417. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ട സദയം മറുപടി പറയുമോ.—

(എ) വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വീടുകംതോറും നടന്നു സമ്മതിദായകന്മാരുടെ പട്ടിക തയ്യാറാക്കേണ്ട ഭാരം ഗവമ്മെണ്ടു ആരെയെല്ലാമാണു ഏല്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളതു;

(ബി) ഇവക്ക കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്ന പ്രതിഫലം എന്തു?

റാവുസാഹിബു എ. മാധവപ്രഭ:

(എ) സർക്കാർ സ്കൂളുകളിലേയും എയിഡഡ് സ്കൂളുകളിലേയും അദ്ധ്യാപകന്മാരെ ഏല്പിക്കുവാനാണു തീരുമാനിച്ചിട്ടുള്ളതു.

(ബി) ൬൫൫. വീതം.

മിസ്റ്റർ പി. നാരായണമേനോൻ: ഇതിനെസംബന്ധിച്ചു കേരളമിത്രത്തിൽ ഒരു ലേഖനമുണ്ടായിരുന്നതു ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

റാവുസാഹിബു എ. മാധവപ്രഭ: നോട്ടീസ വേണം.

മിസ്റ്റർ പി. നാരായണമേനോൻ: ൫൦൦ വീടുകൾ എന്നുള്ളതിനുപകരം ഓരോ അദ്ധ്യാപകന്റേയും താമസസ്ഥലത്തിന്നു ചുറ്റുമുള്ള ൧൦൦ വീടുകൾ എന്നാക്കാനും ൬൫൫ രൂപായുടെ പകരം ൫൦ രൂപാവീതം പ്രതിഫലം കൊടുക്കാനും ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

റാവുസാഹിബു എ. മാധവപ്രഭ: ൧൦൦ വീടുകൾക്ക ൫൦ രൂപാ കൊടുക്കാൻ സാധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ൫൦൦ വീടുകൾക്ക ൫൦ രൂപാ കൊടുക്കാമോ?

റാവുസാഹിബു എ. മാധവപ്രഭ: അതിനെക്കുറിച്ചാലോചിക്കുന്നുണ്ട. ഉടനെ അതിന്റെ തീർപ്പു പുറത്തു വരും.

LIBRARY ARCHIVES Kerala Legislative Assembly